പത്രക്കുറിപ്പ്
**14. 08.2017**

## ലോട്ടറി ഏജന്റുമാർക്കുള്ള യൂണിഫോം വിതരണം: കുടുംബശ്രീക്ക് ഒന്നരക്കോടിയുടെ കരാർ

തിരുവനന്തപുരം: കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ അമ്പതിനായിരം പേർക്ക് യൂണിഫോം തയ്ച്ച് നൽകാനുള്ള ഒന്നരക്കോടി രൂപയുടെ കരാർ കുടുംബശ്രീക്ക് ലഭിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ കേരള സ്റ്റേറ്റ് ഏജന്റ്സ് വെൽഫെയർ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്.കാർത്തികേയൻ എന്നിവർ ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ചു.

പുതിയ കരാർ പ്രകാരം കുടുംബശ്രീയുടെ കീഴിലുള്ള പതിനേഴോളം അപ്പാരൽ യൂണിറ്റുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഒക്ടോബർ 31-ന് മുമ്പായി ആവശ്യമായ മുഴുവൻ യൂണിഫോമും നൽകണമെന്നാണ് കരാർ. നിലവിൽ കൊച്ചി മെട്രോ, കാരുണ്യ ഫാർമസി ഹാൻടെക്സ് എന്നിവിടങ്ങളിലേക്ക് ആവശ്യമുള്ള യൂണിഫോം കോട്ടുകൾ തയ്ച്ചു നൽകുന്നത് കുടുംബശ്രീയുടെ അപ്പാരൽ യൂണിറ്റുകളാണ്. ഇതിൽ ഹാൻടക്സ് ഒഴികെയുള്ള സ്ഥാപനങ്ങൾക്കു വേണ്ടി യൂണിഫോം തയ്ക്കുന്നതിനാവശ്യമായ തുണി യൂണിറ്റ് അംഗങ്ങൾ തന്നെ വാങ്ങി തയ്ച്ചു നൽകുകയാണ് ചെയ്യുന്നത്. ഏറ്റെടുക്കുന്ന ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നത് കൂടുതൽ ഓർഡറുകൾ ലഭിക്കാൻ യൂണിറ്റുകളെ സഹായിക്കുന്നുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ